# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2952** **10.03.2017-ൽ മറുപടിക്ക്**

**<u>വട്ടുതലയേയും കറുകോട്ട ദ്വീപിനേയും ബന്ധിപ്പിക്കുന്ന പാലം</u>**

**<u>ചോദ്യം</u>**

**ശ്രീ.ജോൺ ഫെർണാണ്ടസ്**

**<u>മറുപടി</u>**

**<u>ശ്രീ.ജി.സുധാകരൻ</u>**
**<u>പൊതുമരാമത്തും രജിസ്ട്രേഷനും</u>**
**<u>വകുപ്പ് മന്ത്രി</u>**

(എ) കൊച്ചി നഗരസഭയിലെ വട്ടുതലയേയും ചേരാനല്ലൂർ പഞ്ചായത്തിലെ കറുകോട്ട ദ്വീപിനേയും ബന്ധിപ്പിച്ച് പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലത്തിന്റെ നിർമ്മാണത്തിനായി 2014 ജൂലൈ മാസം 1450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകിയിരുന്നില്ല. തുടർന്നുള്ള വർഷങ്ങളിലെ ബഡ്ജറ്റ് പ്രൊപ്പോസലുകളിൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. 2016-17 ലെ ബഡ്ജറ്റ് ഭരണാനുമതി ഇല്ലാത്ത പ്രവർത്തികളുടെ പട്ടികയിൽ 10 കോടി രൂപ എസ്റ്റിമേറ്റ് തുകയായും 100 രൂപ ടോക്കൺ പ്രൊവിഷനോടുകൂടിയും ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയും.

സെക്ഷൻ ഓഫീസർ